(ബി) നടപ്പ് പഞ്ചവത്സര പദ്ധതിയിലെ ഇതുവരെയുള്ള വാർഷിക പദ്ധതികളുടെ ചെലവ് തൃപ്തികരമാണോ ;

(സി) ഈ കാലയളവിൽ പ്രഖ്യാപിക്കപ്പെട്ട വൻകിട പദ്ധതികൾ ഏതെങ്കിലും പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ കാലയളവിൽ സംസ്ഥാനത്തുണ്ടായ സാമ്പത്തിക പ്രതിസന്ധി പദ്ധതി നടത്തിപ്പിനെ ഏതൊക്കെരീതിയിൽ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഇതുവരെയുള്ള നടത്തിപ്പ് അവലോകനം നടത്തിയിട്ടുണ്ട്.

(ബി) അതെ.

(സി) പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ പ്രഖ്യാപിക്കപ്പെട്ട വൻകിട പദ്ധതികളിൽ നാഷണൽ ഗെയിംസ് നടത്തിപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പദ്ധതികൾ തൃപ്തികരമായി പുരോഗമിക്കുന്നു.

(ഡി) ഈ കാലയളവിലുണ്ടായ സാമ്പത്തിക പ്രതിസന്ധി പദ്ധതി നടത്തിപ്പിനെ ബാധിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടും ലഭ്യമാകാൻ സാദ്ധ്യതയുള്ള വരുമാനത്തിൽ നിന്നുകൊണ്ടുമാണ് പദ്ധതികൾ വിഭാവന ചെയ്യുന്നത്.

നേഴ്സിംഗ് ജോലിക്കായുള്ള റിക്രൂട്ട്മെന്റിലെ തട്ടിപ്പ്

25 (*445) ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ രാജ്യങ്ങളിലേക്കുള്ള നേഴ്സുമാരുടെ റിക്രൂട്ട്മെന്റിലെ തട്ടിപ്പുതടയുന്നതിനുള്ള നടപടികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതുനടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) ഉണ്ട്.

(ബി&സി) നേഴ്സിംഗ് മേഖലയിലെ സ്വകാര്യ ഏജൻസികൾവഴിയുള്ള റിക്രൂട്ട്മെന്റിൽ വ്യാപകമായ ചൂഷണം ശ്രദ്ധയിൽപ്പെട്ടതുകൊണ്ടും വിദേശരാജ്യങ്ങളിലേക്ക് തൊഴിൽതേടി പോകുന്ന ഇന്ത്യൻ നേഴ്സുമാരുടെ സുരക്ഷിതത്വം മുൻനിർത്തിയും വിദേശരാജ്യങ്ങളിലെ തൊഴിൽ ചൂഷണവും പീഡനവും തടയുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടെയും കേന്ദ്ര സർക്കാർ 12-3-2015-ലെ F.OI - 11012/10/2013 -EP നമ്പർ ഉത്തരവ് പ്രകാരം ഇന്ത്യൻ നേഴ്സുമാരുടെ റിക്രൂട്ട്മെന്റ് കേരള സർക്കാർ ഏജൻസികളായ നോർക്ക - റൂട്ട്സ്, ഒ.ഡി.ഇ.പി.സി., തമിഴ്നാട് സർക്കാരിന്റെകീഴിലെ ഓവർസീസ് മാൻപവർ കോർപ്പറേഷൻ ലിമിറ്റഡ് എന്നിവവഴി മാത്രമായി പരിമിതപ്പെടുത്തി ഉത്തരവിറക്കുക യുണ്ടായി. 18 ഇ.ആർ.സി. രാജ്യങ്ങളിലേക്ക് തൊഴിൽതേടി പോകുന്ന ഇന്ത്യൻ നേഴ്സുമാർക്ക് കേന്ദ്ര സർക്കാരിന്റെ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസിൽനിന്നും എമിഗ്രേഷൻ ക്ലിയറൻസും 31-5-2015 മുതൽ നിർബന്ധമാക്കിയിട്ടുണ്ട്.

കൂടാതെ കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം വിദേശ റിക്രൂട്ട്മെന്റിൽ സുതാര്യത ഉറപ്പാക്കുന്നതിന് ഇ-മൈഗ്രേറ്റ് എന്ന ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുമായി നിലവിൽ വിദേശ തൊഴിൽ ദാതാക്കൾ, അതായത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസി, സർക്കാർ റിക്രൂട്ട്മെന്റ് ഏജൻസികളായ നോർക്ക-റൂട്ട്സ്, ഒ.ഡി.ഇ.പി.സി., ഓവർസീസ് മാൻപവർ കോർപ്പറേഷൻ, അതായത് പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസുകൾ എന്നിവരാണ് ഇ-മൈഗ്രേറ്റ് ഓൺലൈൻ സംവിധാനത്തിലൂടെ നേഴ്സിംഗ് റിക്രൂട്ട്മെന്റുമായി സഹകരിക്കുന്നത്.

(ഡി) നേഴ്സിംഗ് വിസ ലഭിച്ചവർക്ക് പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസുകളിൽ നിന്നും എമിഗ്രേഷൻ ക്ലിയറൻസ് നിർബന്ധമാക്കിയ വ്യവസ്ഥ കാരണം വിസ ലഭിച്ച അനേകം നേഴ്സുമാർക്ക് വിദേശത്ത് പോകാനാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രസ്തുത വിഷയം കേന്ദ്ര പ്രവാസികാര്യ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും 30-4-2015-ന് മുൻപുവരെ എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമില്ലായെന്ന

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥ 30-5-2015 വരെ ഒരു മാസത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവ് ഇറക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമെ 30-5-2015-ന് മുൻപ് റിക്രൂട്ട്മെന്റ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത തീയതിക്ക് മുൻപും ശേഷവും വിസ ലഭിച്ചവരേയും എമിഗ്രേഷൻ ക്ലിയറൻസ് വേണമെന്ന നിബന്ധനയിൽനിന്നും ഒഴിവാക്കണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ഉത്തരവിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 24-3-2015-ൽ യോഗം വിളിച്ചുകൂട്ടുകയും നേഴ്സിംഗ് റിക്രൂട്ട്മെന്റ് സുഗമമായി നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ നോർക്ക-റൂട്ട്സിനെയും ഒ.ഡി.ഇ.സി.-യെയും ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വിദേശ തൊഴിൽദാതാക്കൾ സർക്കാർ ഏജൻസികൾവഴി റിക്രൂട്ട്മെന്റ് നടത്തുന്നതിനായി അതാത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസികൾ വിദേശ സർക്കാരുമായി ചർച്ച നടത്തണമെന്ന ആവശ്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേന്ദ്ര ബഡ്ജറ്റ് വിഹിതത്തിലെ കുറവ്

26 (*446) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ബഡ്ജറ്റ് വിഹിതം കുറച്ചതിന് എതിരെ എന്തെല്ലാം കാര്യങ്ങളാണ് സംസ്ഥാനം കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഏതെല്ലാം മേഖലകളിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതമാണ് വെട്ടിക്കുറച്ചിട്ടുള്ളത് ;

(സി) 'നീതി ആയോഗ് യോഗത്തിൽ ഇതിനെക്കുറിച്ചും കേന്ദ്രാവിഷ്കൃത പദ്ധതികൾ പരിഷ്കരിക്കുന്നതിനെക്കുറിച്ചും എന്തെല്ലാം പ്രശ്നങ്ങളും നിർദ്ദേശങ്ങളുമാണ് ഉന്നയിച്ചിട്ടുള്ളത് ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

LIBRARY ARCHIVES Kerala Legislative Assembly